# Deepika

## 23 August 2018

## Kochi: After flood, Flood relief



### ഇത്തവണ ഞാൻ കടപ്പെട്ടിരിക്കുന്നത് മത്സ്യത്തൊഴിലാളികളോട്: സലിംകുമാർ

**കൊച്ചി:** പലതവണ മരണത്തിൽ നിന്ന് ജീവിതത്തിലേക്ക് തിരിച്ചുവന്ന താൻ ഇപ്രാവശ്യം കടപ്പെട്ടിരിക്കുന്നത് മത്സ്യത്തൊഴിലാളികളോടാണെന്ന് നടൻ സലിംകുമാർ. പ്രളയത്തിൽ ജനങ്ങളുടെ ജീവൻ രക്ഷിച്ച മത്സ്യത്തൊഴിലാളികളെ അനുമോദിക്കാൻ വൈപ്പിൻ ഗോശ്രീ ഫിഷിംഗ് ഹാർബറിൽ ചേർന്നയോഗത്തിൽസംസാരിക്കുകയായിരുന്നു അദ്ദേഹം. തന്റെയുംകുടുംബത്തിന്റെയുംജീവൻ രക്ഷിച്ച മത്സ്യത്തൊഴിലാളികളോടുള്ള സ്നേഹവും നന്ദിയും എന്നും മനസിൽ സൂക്ഷിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ജില്ലയുടെശക്തിയാണ്ബോട്ടുകളുംമത്സ്യത്തൊഴിലാളികളുംഎന്ന്ചടങ്ങിൽസംസാരിച്ചകളക്ടർമുഹമ്മദ്സഫിറുള്ളപറഞ്ഞു.എണ്ണൂറിലധികംമത്സ്യത്തൊഴിലാളികളുടെശ്രമഫലമായിട്ടാണ്പ്രളയബാധിതപ്രദേശങ്ങളിലെമരണസംഖ്യ പരിമിതപ്പെടുത്താൻസാധിച്ചത്.പ്രളയത്തിൽ മത്സ്യത്തൊഴിലാളികൾ വഹിച്ച പങ്ക് പ്രശംസനീയമാണെന്നും അദ്ദേഹം പറഞ്ഞു. 1800 ലധികം പേരുടെ ജീവൻ രക്ഷിച്ച പുങ്കാവനം വള്ളത്തിന്റെ കൺവീനർസന്തോഷിനെ കളക്ടർ ചടങ്ങിൽ ആദരിക്കുകയും ഓണക്കിറ്റ് നൽകുകയും ചെയ്തു.

പ്രളയത്തിൽ ജനങ്ങളുടെ ജീവൻ രക്ഷിച്ച മത്സ്യത്തൊഴിലാളികളെ അനുമോദിക്കാൻ വൈപ്പിൻ ഗോശ്രീ ഫിഷിംഗ് ഹാർബറിൽ ചേർന്ന യോഗത്തിൽ നടൻ സലിംകുമാർ ഒരു മത്സ്യത്തൊഴിലാളിയെ ഷാൾ അണിയിക്കുന്നു.

**സ്നേഹപൂർവം...** കുട്ടനാട്ടിലെ പ്രളയബാധിതർ താമസിക്കുന്ന ചങ്ങനാശേരി എസ്ബി കോളജിലെ ക്യാമ്പ് സീറോമലബാർ സഭ കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരക്കൽ സന്ദർശിക്കുന്നതിനിടെ ക്യാമ്പിൽ കഴിയുന്ന കുട്ടിയുമായി കുശലാന്വേഷണം നടത്തുന്നു. എസ്ബി കോളജ് പ്രിൻസിപ്പൽ ഫാ. ജോൺ മുള്ളമ്പാറക്കൽ സമീപം.

### കേന്ദ്രത്തെ വിമർശിച്ച് ആർഎസ്എസ് മുഖപത്രം; വിവാദമായപ്പോൾ പിൻവലിച്ചു

**കൊച്ചി:** പ്രളയം തകർത്ത കേരളത്തെ അവഗണിക്കുന്ന കേന്ദ്ര നിലപാടിനെതിരെ നിശിത വിമർശം നടത്തിയ മുഖപ്രസംഗം ആർഎസ്എസ് മുഖപത്രം കേസരി പിൻവലിച്ചു. സംഭവം വിവാദമായതോടെയാണു മുഖപ്രസംഗം പിൻവലിച്ചത്. വെബ്സൈറ്റിൽ ആദ്യം പ്രസിദ്ധീകരിച്ച മുഖപ്രസംഗം നീക്കി മതമല്ല... രാഷ്ട്രമാണ് പ്രധാനം, എന്ന മുഖപ്രസംഗം ചേർത്തു.

ഇതിനു ശേഷം ബിജെപിയുടെ മുഖപത്രത്തിന്റെ ഓൺലൈനിൽ കേസരി വെബ്സൈറ്റ് ഹാക്ക് ചെയ്തതായി വാർത്ത പ്രസിദ്ധീകരിച്ചു. ആർഎസ്എസ് മുഖപത്രമായ കേസരിയുടെ ഓൺലൈൻ ഹാക്ക് ചെയ്തു. കേന്ദ്ര സർക്കാരിനെതിരെ കടുത്ത വിമർശനം നടത്തുന്ന മുഖപ്രസംഗം കുറച്ചു നേരത്തേക്ക് ഓൺലൈനിൽ വന്നു. എന്നാൽ, വൈകാതെ അപ്രത്യക്ഷമായി", എന്നാണ് വാർത്തയിൽ പറയുന്നത്. വിവാദ മുഖപ്രസംഗത്തെക്കുറിച്ചു വാർത്ത വന്നതിനു തൊട്ടുപിന്നാലെ മുഖപ്രസംഗം അപ്രത്യക്ഷമായതിനെ സംബന്ധിച്ച് ഒന്നും പറയുന്നില്ല.

പ്രളയക്കെടുതി നേരിടുന്ന കേരളത്തോടു കേന്ദ്രസർക്കാർ രാഷ്ട്രീയ വൈരം പുലർത്തുന്നതായാണ് കേസരിയുടെ മുഖപ്രസംഗത്തിലെ വിമർശം. മുഖ്യമന്ത്രി പിണറായി വിജയൻ മര്യാദപൂർവമാണ് ഇടപെട്ടെന്നും എന്നാൽ, കേന്ദ്രസർക്കാർ അതു തിരിച്ചു കാണിച്ചില്ലെന്നും കേസരി പറയുന്നു.

### ഡ്യൂപ്ലിക്കറ്റ് റേഷൻ കാർഡ് നൽകാൻ നടപടി

**തിരുവനന്തപുരം:** സംസ്ഥാനത്തെ പ്രളയക്കെടുതിയിൽ റേഷൻ കാർഡുകൾ നഷ്ടപ്പെട്ടവർക്ക് അടിയന്തരമായി ഡ്യൂപ്ലിക്കറ്റ് കാർഡുകൾ സൗജന്യമായി നൽകാൻ താലൂക്ക് സപ്ലൈ ഓഫീസർ/സിറ്റി റേഷനിംഗ് ഓഫീസർമാർക്കും നിർദേശം നൽകിയതായി റേഷനിംഗ് കൺട്രോളർ അറിയിച്ചു.

റേഷൻ കാർഡുകൾ പ്രിന്റ് എടുത്ത് നൽകുന്നതിന് തടസമുണ്ടെങ്കിൽ താത്കാലിക കാർഡുകൾ എഴുതി നൽകണമെന്ന നിർദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ടെന്നും അറിയിച്ചു.

### വെള്ളപ്പൊക്കം ഡാം തുറന്നതുകൊണ്ടു മാത്രമല്ല

**തിരുവനന്തപുരം:** വെള്ളപ്പൊക്കത്തിനു കാരണം ഡാമുകൾ തുറന്നതുകൊണ്ടുമാത്രമല്ലെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. കാലടി, പെരുമ്പാവൂർ, ആലുവ പ്രദേശങ്ങളിലെ വെള്ളപ്പൊക്കത്തിന് ഇടുക്കി, ഇടമലയാർ ഡാമുകളിൽ നിന്നുള്ള വെള്ളം മാത്രമല്ല കാരണമായത്. നിയന്ത്രണമില്ലാതെ നദിയിലേക്കു കുത്തിയൊഴുകി വന്ന സ്വഭാവിക വെള്ളം കൊണ്ടുകൂടിയാണത്. ഈ കാര്യങ്ങൾ മനസിലാക്കിയാൽ സർക്കാർ വരുത്തിവച്ചതാണ് ഇക്കൊല്ലത്തെ ദുരന്തം എന്ന് ആർക്കു പറയാനാവും?

അച്ചൻകോവിലാറിലുണ്ടായ വെള്ളപ്പൊക്കമൊണ്ടു പന്തളം പ്രദേശത്തെ വെള്ളത്തിലാഴ്ത്തിയത്. മണിമലയാറിലെ വെള്ളമാണു തിരുവല്ല പ്രദേശത്തെ വെള്ളത്തിലാഴ്ത്തിയത്. ഈ രണ്ടു നദികളിലും ഒരു ഡാമുമില്ല. പാലായിലെ വെള്ളപ്പൊക്കത്തിനു കാരണം മീനച്ചിലാറിലൂടെ വന്ന വെള്ളമാണ്. നിലമ്പൂരിൽ വെള്ളപ്പൊക്കമുണ്ടായതു ചാലിയാറിലെ വെള്ളംമൂലമാണ്. മീനച്ചിലാറിലും ചാലിയാറിലും ഡാമില്ല. അപ്പോൾ പിന്നെ ഈ വാദത്തിന് എന്തു നിലനിൽപ്പാണുള്ളത്?

കേരളത്തിൽ മിക്കവാറും എല്ലായിടത്തും ഉരുൾപൊട്ടലും വെള്ളപ്പൊക്കവും മറ്റു ദുരന്തങ്ങളുമുണ്ടായിട്ടുണ്ട്. വ്യാപകമായ മഴയുടെ ഭാഗമായുണ്ടായതാണവ.